

SSG2/9041/TC/2011 Dated 20/05/2017

## ഓൺലൈൻ ടാക്സ് അടയ്ക്കുമ്പോൾ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ ഓഫീസിൽ സ്വീകരിക്കേണ്ട നടപടികൾ

ഓൺലൈനായി നികുതി സ്വീകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പിലെ ജിവനക്കാർക്ക് നൽകുന്നു.




ഓൺലൈൻ മുഖാന്തിരം നികുതി ഒടുക്കിക്കഴിയുമ്പോൾ ഓഫീസിൽ 4 രത്തിലുള്ള പ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്.







**1. Verify**

ഒരു വാഹന ഉടമ ഓൺലൈനായി നികുതി ഒടുക്കിയ ശേഷം ടാക്സ് അടച്ചതിന്റെ വിവരങ്ങൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തിയാൽ, ക്ലറിക്കൽ ലെവലിൽ ഉള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ **"verify" button click** ചെയ്യേണ്ടതാകുന്നു. അതിനു മുൻപായി ചുവടെ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ക്ലറിക്കൽ ലെവലിലുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.




- വാലിഡിറ്റി ഉണ്ടെന്ന് ഉറപ്പുവരുത്തുക **(Tax Validity)**
- നികുതി അടച്ചിരിക്കുന്ന **Validity** ശരിയാണ് എന്ന് ഉറപ്പു വരുത്തുക


അടച്ചിരിയ്ക്കുന്ന നികുതിയുടെ തുക ശരിയാണെന്ന് ഉറപ്പുവരുത്തുകയും, ശരിയല്ലെങ്കിൽ എത്ര രൂപയാണ് വ്യത്യാസം അടയ്ക്കേണ്ടത് എന്ന് കണക്കാക്കി ഈ സ്ക്രീനിൽ തന്നെ '**shortage of amount, if any**' എന്നതിൽ Yes എന്ന് സെലക്ട് ചെയ്യുക. അതിനുതാഴെ '**Enter balance amount**' –ൽ ബാക്കി അടയ്ക്കേണ്ട തുക **enter** ചെയ്യുതിനു ശേഷം **remarks** എന്ന കോളത്തിൽ രേഖപ്പെടുത്തി '**return**' ചെയ്യുക. വാഹന ഉടമ ബാക്കി തുക അടയ്ക്കുമ്പോൾ അത് സൂപ്പർവൈസറി ഓഫീസറുടെ **issue list** –ൽ ലഭ്യമാവുകയും സൂപ്പർവൈസറി ഓഫീസർ അത് സെലക്ട് ചെയ്ത് അംഗീകരിയ്ക്കേണ്ടതുമാണ്. തുക അടച്ചിരിയ്ക്കുന്നത് അധികമാണെങ്കിൽ നികുതി അടവ് അംഗീകരിയ്ക്കേണ്ടതും, കൂടുതലുള്ള തുകയ്ക്കായി റീഫണ്ടിന് അപേക്ഷ സമർപ്പിയ്ക്കുവാൻ നിർദ്ദേശിയ്ക്കേണ്ടതുമാണ്.




വാഹനത്തിന്റെ ഇൻഷ്വറൻസ് **IIB (Insurance Information Board)** – ൽ



നിന്നും ലഭിയ്ക്കുന്നുണ്ട്. അത് ലഭിയ്ക്കാത്ത സന്ദർഭത്തിൽ വാഹന ഉടമകൾക്ക ഇൻഷ്വറൻസ് **validity** രേഖപ്പെടുത്തി **declaration** സഹിതം നികുതി അടയ്ക്കാനുള്ള സംവിധാനം ഉണ്ട്. തെറ്റായി **insurance** രേഖപ്പെടുത്തിയെന്ന തെളിഞ്ഞാൽ ആ വിവരം ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ അറിയിയ്ക്കേണ്ടതാണ്. തെറ്റായ വിവരങ്ങൾ നൽകുന്ന വ്യക്തിക്ക എതിരായി നിയമ നടപടികൾ കൈക്കൊള്ളുന്നതാകുന്നു. **e-tax** അടയ്ക്കുന്ന വാഹനത്തിന് നികുതി കടിശ്ശിക ഏതെങ്കിലും ഉണ്ടെങ്കിൽ അത് **remarks** കോളത്തിൽ രേഖപ്പെടുത്തി **return** ചെയ്യേണ്ടതാകുന്നു.




കടിശ്ശിക ഓൺലൈൻ ആയി അടയ്ക്കുമ്പോൾ സൂപ്പർവൈസറി ഓഫീസറുടെ **issue list** –ൽ അത് ലഭ്യമാവുകയും, സൂപ്പർവൈസറി ഓഫീസർ അത സെലക്ട് ചെയ്ത് അംഗീകരിയ്ക്കുകയും ചെയ്യേണ്ടതാണ്.



## 2. Issue

ബന്ധപ്പെട്ട ക്ലാർക്ക് **verify** ചെയ്ത അപേക്ഷകൾ ടാക്സേഷൻ ഓഫീസറുടെ **(HA/HC/PRO etc.) Issue list** –ൽ ഉണ്ടായിരിക്കും. നികുതി ഓൺലൈനായി ഒടുക്കിയ ശേഷം **verify** ചെയ്തുകഴിഞ്ഞാൽ **Supervisory level** – ൽ ഉള്ള ഉദ്യോഗസ്ഥനാണ് **issue** ചെയ്യുക. **Issue power Supervisory level** - ൽ ഉള്ള ഉദ്യോഗസ്ഥർക്കാണ് നൽകുക. ***Verify*** ചെയ്ത അപേക്ഷകൾ ***"Issue"*** -ൽ list ചെയ്യുന്നതായിരിക്കും. അതിൽ നിന്നും **select** ചെയ്ത് വിവരങ്ങൾ പരിശോധിച്ച് ശരിയാണെങ്കിൽ **Issue** ചെയ്യേണ്ടതാണ്. തെറ്റാണെങ്കിൽ **'reverification'** ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള അപേക്ഷകൾ **return** അപേക്ഷകളിലാണ് കാണുന്നത്.






ഓൺലൈനായി ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷയിന്മേൽ 
പ്രവൃത്തി മണിക്കൂറിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ്. എല്ലാ ഓൺലൈൻ നികുതി അടവുകളും കൃത്യ സമയത്തിനുള്ളിൽതന്നെ പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെന്ന് ഓഫീസ് മേലധികാരി ***(RTO/Join RTO)*** ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട് എന്ന് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

## 3. Print

Issue ചെയ്ത ശേഷം നികുതി അടച്ചതിന്റെ രേഖയായി **Tax License print** നികുതി ദാതാവിന് സ്വന്തമായി എടുക്കാവുന്നതാണ്. ഏതെങ്കിലു സാഹചര്യത്തിൽ അതിനു കഴിയതെവന്നാൽ, ബന്ധപ്പെട്ട ഒഫീസിൽ സമീപിയ്ക്കാവുന്നതും, ഓഫീസിൽ നിന്നും പ്രിന്റ് ലഭ്യമാക്കാവുന്നതുമാണ്.



ഓൺലൈൻ മുഖാന്തിരം അടയ്ക്കുന്ന നികുതി ഓട്ടോമാറ്റിക് ആയി സ്റ്റാർട്ട് മൂവിലേയ്ക്ക് ഡൗൺലോഡ് ചെയ്യപ്പെടുകയും, **DCB** യിൽ ലഭ്യമാവുകയും ചെയ്യുന്നു. ഒന്നോ ഒന്നിലധികമോ സെക്ഷൻ ക്ലാർക്കുമാരെ പ്രത്യേകമായോ, അല്ലെങ്കിൽ രജിസ്ട്രേഷൻ നമ്പർ റേഞ്ച് അടിസ്ഥാനത്തിലുള്ള സെക്ഷൻ ക്ലാർക്കിനെ പ്രത്യേകമായോ ഓൺലൈൻ നികുതിയടവ് പരിശോധിച്ച് **(verify)** സൂപ്പർവൈസറി ഓഫീസർക്ക് അംഗീകാരത്തിനായി സമർപ്പിയ്ക്കുവാൻ ചുമതലപ്പെടുത്തേണ്ടതാണ്.



GOVERNMENT OF KERALA
MOTOR VEHICLES DEPARTMENT
TAX LICENCE
Form ETL (See Rule 7)
(Licence Granted Under 4(3)(a) of the Kerala Motor Vehicles Taxation Act 1976)

TL/3765/2017

Govt. of Kerala

Reg No : KL-07-AV-811
Class : LMV - BREAKDOWN VAN RECOVERY VEHICLE
Tax paid : ₹8160

From 01/01/2009 To 30/06/2017

Signature :

TL No : 222/31/2017
Reg No : KL-07-AV-811
Owner : PARTNER
Address : KUMAR TAXIS
PALACE ROAD
KOCHI

Amount : ₹8160
Period From : 01/01/2009
To : 30/06/2017



**Work Flow**

*Enter* → *Verify* → *Issue* → *Print*

*Return* ← *Reverity*